# എല്ലാവരും ആരോ ആണ്

## (യോഹന്നാൻ 4:1 - 42)

കുട്ടികൾക്ക് മന: ശാസ്ത്ര വിദഗ്ദ്ധ ചികിത്സ നടത്തുന്ന ആൾക്കു ഏഴു - വയസ്സുള്ള - ഒരു ആൺകുട്ടി ഇപ്രകാരം എഴുതി:

> പ്രിയ ഡോക്ടർ ഗാർഡ്നെർ
>
> എന്നെ വിഷമിപ്പിക്കുന്ന കാര്യം മുൻപു 13 വയസ്സു കാരനായ ഒരു തടിച്ച കുട്ടി പറഞ്ഞതാണ്. അവൻ എന്നെ ആമ എന്നു വിളിച്ചു. അവൻ എന്നെ അങ്ങനെ വിളിക്കാൻ കാരണം എനിക്കു പ്ലാസ്റ്റിക് സർജറി നടത്തിയതുകൊണ്ടാണ്.
>
> എന്റെ ചുണ്ടു കാരണം ദൈവം എന്നെ വെറുക്കുന്നു എന്നാണ് ഞാൻ കരുതുന്നത്. ഞാൻ മരിക്കുമ്പോൾ ഒരുപക്ഷേ അവൻ എന്നെ നരകത്തിലേയ്ക്ക് അയക്കുമായിരിക്കും.
>
> സ്നേഹത്തോടെ, ക്രിസ് [1]

ഇന്ന് അനേകം ആളുകൾ ദുരഭിമാനം നിമിത്തം നീറുകയാണ്. അതിനെ നാം "അപകഷർതാബോധം" എന്നു വിളിക്കുന്നു.ഈ അവസ്ഥയെ എന്തു വിളിച്ചാലും, അതുള്ളവർ വിചാരിക്കുന്നതു തങ്ങൾ അത്ര വിലയുള്ളവരല്ല എന്നാണ്.

"എല്ലാവരും ആരോ ആണ്" എന്ന കാര്യം നാം ഊന്നി പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ സന്ദർഭം, മൂലഗ്രന്ഥത്തിലെ യോഹന്നാൻ 4-ാം അദ്ധ്യായത്തിൽ നിന്നെടുത്തതാണ്. മറ്റു പുതിയ നിയമ അദ്ധ്യായങ്ങളെ അപേക്ഷിച്ച് യേശുവിന്റെ സ്വഭാവത്തെപറ്റി കൂടുതലായി പറയുന്നത് യോഹന്നാൻ 4-ാം അദ്ധ്യായത്തിലാണ്.

### അസാധാരണമായ ഒരു തീരുമാനം
### (യോഹന്നാൻ 4:1-4)

നമ്മുടെ പാഠത്തിനുള്ള പശ്ചാത്തലം യോഹന്നാൻ3 - ൽ നല്കുന്നുണ്ട്. യേശു പെസഹപെരുനാളിന് ഉണ്ടായിരുന്നു. പെരുനാളിന്റെ ഒരു ദിവസം വൈകുന്നേരം അവൻ യെഹൂദ

പ്രമാണിയായിരുന്ന നിക്കോദേമോസിനോട് സംസാരിച്ചു. ആ സംഭാഷണത്തിനുശേഷമാണ് മനോഹര വാക്യമായ യോഹന്നാൻ 3:16 നല്കിയത്, പെരുനാളിനു ശേഷം യേശു കുറച്ചുനാൾ യെഹൂദ്യയിൽ പാർത്തിരുന്നു. അവൻ വലുതായി വിജയിക്കുകയും ചെയ്തു. യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാരുമായുണ്ടായ അഭിപ്രായ വ്യത്യാസശേഷമായിരുന്നു അത്. യേശുവിനോടുള്ള അധികം കരുതൽ, നിമിത്തം ആയിരുന്നു, അത് എന്ന വസ്തുത 4:1–ൽ കാണാം: "യേശു യോഹന്നാനെക്കാൾ അധികം ശിഷ്യന്മാരെ ചേർത്തു സ്നാനം കഴിപ്പിക്കുന്നു എന്നു പരീശന്മാർ കേട്ടു." പരീശന്മാരെ മുഖാ – മുഖ – മായി നേരിട്ടുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാനും, തദ്വാര തന്റെ മരണം സമയത്തിനു മുൻപു സംഭവിക്കാതിരിപ്പാനും അവൻ ആഗ്രഹിച്ചു. അതുകൊണ്ടു അവൻ യെഹൂദ്യ വിട്ടു അവൻ വടക്കു ഗലീലെയ്ക്കു പോയി.

ഇതു അസാധാരണമായ വാക്യത്തിലേയ്ക്കു നമ്മെ കൊണ്ടു വരുന്നു: "അവൻ ശമര്യയിൽ കൂടി കടന്നു പോകേണ്ടിയിരുന്നു" (വാക്യം 4). പാലസ്തീനാണെങ്കിൽ മുകൾ തൊട്ടു താഴെ വരെ 120 മൈലുണ്ട്. ഈ 120 മൈലിനുള്ളിൽ ഈ പ്രദേശത്തെ മൂന്നായി തിരിച്ചിരിക്കുന്നു. വടക്കെ അറ്റത്തായിട്ടാണ് ഗലീല; തെക്കെ അറ്റത്താണ് യെഹൂദ്യ; ഇതിനു രണ്ടിനും മദ്ധ്യേയാണ് ശമര്യ. ശമര്യ സ്പർശിക്കാതിരിക്കുന്നതിനു യഹൂദന്മാർ ഏതറ്റം വേണമെങ്കിലും പോകും. അവർ യോർദ്ദാൻ നദിക്കു കിഴക്കായി പോകും, നദി കടന്നു, വടക്കോട്ടു പോയി ചെറിയ വഴിയായി സഞ്ചരിച്ചു ഏതാണ്ട് ഗലീല കടലിന് അരികെ വരെ എത്തിയിട്ട് യോർദ്ദാൻ നദി കടന്ന് ഗലീലയ്ക്കു പോകും. നേരെ വടക്കോട്ടു പോകുകയാണെങ്കിൽ, മൂന്നു – ദിവസം മതിയാകും. എന്നാൽ ഈ ദീർഘ ദൂരയാത്രചുറ്റി പോകുന്നതായതുകൊണ്ട് ആറ് മുതൽ ഒൻപത് – വരെ ദിവസങ്ങൾ എടുക്കാം.[2]

എന്തുകൊണ്ടു യേശു*വിനു* ശമര്യവഴി പോകേണ്ടി വന്നു? യോഹന്നാൻ തടവിലായതുകൊണ്ട് യേശു തിരക്കിലായിരുന്നു,[3] യോഹന്നാന്റ ശിഷ്യന്മാരെ ചിതറി പോകാതെ സൂക്ഷിക്കാനാഗ്രഹിച്ചു. യേശു, രണ്ടു ദിവസം സുഖാർ എന്ന സ്ഥലത്തു തങ്ങിയതു അതു തടയുന്നതിനായിരുന്നു എന്നു ഞാൻ കരുതുന്നു. അവൻ അങ്ങനെ "ചെയ്യേണ്ടിയിരുന്നു." എന്തെന്നാൽ അവിടെ ഒരു പ്രത്യേക സ്ത്രീ ഉണ്ടായിരുന്നു ഒരു പട്ടണത്തിലെ മുഴുവൻ ആത്മാക്കൾ – കൊയ്ത്തിനു വിളഞ്ഞു നിൽക്കുന്ന ആളുകൾ. *എല്ലാവരും* ദൈവ മുൻപാകെ *ആരോ ആണ്* എന്നതിനാൽ അവൻ അങ്ങനെ "ചെയ്യേണ്ടിയിരുന്നു"!

## പാപിയായ ഒരു സ്ത്രീ
## (യോഹന്നാൻ 4:5-8)

"അങ്ങനെ അവൻ സുഖാർ, എന്നൊരു ശമര്യ, പട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസേഫിനു കൊടുത്ത നിലത്തിനരികെ എത്തി. അവിടെ യാക്കോബിന്റെ ഉറവുണ്ടായിരുന്നു" (വാക്യം 5) മാർഗ്ഗമദ്ധ്യേയുള്ള ദേശമാണ് സുഖാർ. "യാക്കോബിന്റെ കിണർ" അവിടെ ഉണ്ടായിരുന്നു (വാക്യം 6) ഏതാനും ബൈബിൾ സ്ഥലങ്ങളിൽ ഒന്നാണ് ഈ കിണർ. അതു നോക്കി, "സ്ഥല നിർണ്ണയം" നടത്താം. ആ കിണർ അപ്പോഴും അവിടെയുണ്ടായിരുന്നു – പുരാതന പട്ടണമായ സുഖാർ സ്ഥിതി ചെയ്തിരുന്നതിനു അരമൈൽ മാറിയാണ് ആ കിണർ ഉണ്ടായിരുന്നത്.

"യേശു വഴി നടന്നു ക്ഷീണിച്ചിട്ടു, ഉറവിനരികെ വന്നിരുന്നു" (വാക്യം 6). യോഹന്നാൻ, ഈ സുവിശേഷ വിവരണങ്ങൾ എഴുതിയതിന്റെ ഉദ്ദേശം യേശു ദൈവപുത്രനാണെന്നു ആളുകൾ വിശ്വസിക്കേണ്ടതിനാണ് (യോഹന്നാൻ 20:30, 31), യേശുവിന്റെ മനുഷ്യത്വത്തെക്കുറിച്ചു മറ്റു സുവിശേഷങ്ങളിൽ നിന്നു കൂടുതലായി ഈ സുവിശേഷത്തിൽ പറയുന്നുണ്ട്. ക്രൂശിൽ വച്ചു യേശു പറഞ്ഞതായ, "എനിക്കു ദാഹിക്കുന്നു" എന്നതു രേഖപ്പെടുത്തിയത് യോഹന്നാനാണ് (യോഹന്നാൻ 19:28). യേശുവിനു നമ്മെപ്പോലെ ക്ഷീണവും, വിശപ്പും, ദാഹവും, ഉണ്ടായിരുന്നു.

യെഹൂദന്മാരുടെ കണക്കനുസരിച്ചു,[4] "അപ്പോൾ ഏകദേശം ആറാം മണി നേരമായിരുന്നു" (വാക്യം 6) ഉച്ചയോടടുത്ത സമയം. വാക്യം 8 ശ്രദ്ധിക്കുക "അവന്റെ ശിഷ്യന്മാർ ഭക്ഷണസാധനങ്ങളെ കൊള്ളുവാൻ പട്ടണത്തിൽ പോയിരുന്നു." യേശു അവരെ ഒന്നുകിൽ പലചരക്കു കടയിലോ ഇപ്പോഴത്തെ ഫാസ്റ്റ് ഫുഡ് പോലെയുള്ള ഭക്ഷണശാലയിലേയ്ക്കോ ഭക്ഷണം വാങ്ങുവാൻ അയച്ചിരുന്നു.[5]

"ഒരു ശമര്യ സ്ത്രീ വെള്ളം കോരുവാൻ അവിടെ വന്നു" (വാക്യം 7). ഈ ചുരുങ്ങിയ വാക്കുകൾ അവളെ കുറിച്ചു ഒരുപാടു പറയുന്നുണ്ട്. സാധാരണ ഉച്ച സമയത്തു വെള്ളം കോരുന്ന പതിവില്ല. ഒന്നുകിൽ രാവിലെ അല്ലെങ്കിൽ വൈകുന്നേരമാണ് അവർ വെള്ളം കോരുന്നത് – ദിവസത്തിലെ വെയിൽ കുറഞ്ഞ സമയം. വെള്ളത്തിനു പോകുക എന്നതു പ്രത്യേക സംഭവമാണ്,ഒരു സാമൂഹിക പ്രവൃത്തിയാണ്. സ്ത്രീകൾ അന്യോന്യം കാണുമ്പോൾ വാർത്തകൾ കൈമാറും. ഈ സ്ത്രീ, ഇതിൽ നിന്നു, വ്യത്യസ്തമായി ഉച്ചയ്ക്കു നല്ല വെയിൽ ഉള്ളപ്പോൾ ആണ് വന്നത്. അതിലുപരിയായി, ഭൂഗർഭ ഗവേഷകന്മാർ സുഖാറിനടുത്തു ഒരു ഉറവകണ്ടെടുക്കുകയുണ്ടായി. അരമൈൽ നടന്നാണ് ഈ സ്ത്രീ വെള്ളം കോരുവാൻ വന്നത്. ഇതെല്ലാം സൂചിപ്പിക്കു ന്നതു ആ പട്ടണത്തിലെ മറ്റുസ്ത്രീകളിൽ നിന്നു

വേറിട്ടു ജാതിയിൽ നിന്നു പുറന്തള്ളപ്പെട്ടതായി കണക്കാക്കിയിരുന്നു. പിറുപിറുപ്പുകാരെയും തുറിച്ചു നോട്ടക്കാരെയും ഒഴിവാക്കുവാനായിരിക്കാം അവൾ ഈ സമയത്തു വന്നത്.

### അതിശയിപ്പിക്കുന്ന ഒരാവശ്യം
### (യോഹന്നാൻ 4:7, 9)

"യേശു അവളോടു, 'എനിക്കു കുടിപ്പാൻ തരുമോ' ... എന്നു ചോദിച്ചു. ശമര്യസ്ത്രീഅവനോട്, 'നീ യെഹൂദനായിരിക്കേ, ശമര്യക്കാരിയായ എന്നോടു, കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ എന്നു പറഞ്ഞു?'" (വാക്യം 7, 9).

ഈ വ്യത്യാസം മനസിലാക്കാൻ, യെഹൂദന്മാരും ശമര്യക്കാരും തമ്മിലുള്ള ബന്ധം കുറിച്ചറിയണം. നമ്മളെല്ലാവരും വർഗ്ഗീയ - പ്രശ്നങ്ങളും ദുരഭിമാനവും കണ്ടിട്ടുണ്ട് അതു ദൈവത്തിന്റെ ഹൃദയത്തിൽ - വേദനയുണ്ടാക്കുന്നു എന്നാൽ യെഹൂദന്മാ രും ശമര്യക്കാരും തമ്മിലുണ്ടായിരുന്ന വെറുപ്പുമായി താരതമ്യം ചെയ്യാവുന്ന ഒന്നു നാം കണ്ടിട്ടില്ല. ആ വെറുപ്പ് അനേകം വർഷങ്ങളോളം നീണ്ടുനിന്നു.[6] ബി.സി.-727-ൽ[7] ഉത്തരഗോത്രങ്ങൾ പത്തിനേയും പിടിച്ചു കൊണ്ടുപോയി. ഉത്തരദിക്കിൽ ശേഷിച്ച യഹൂദന്മാർ അശൂര്യർ ഉത്തരപാലസ്തീനിൽ[8] വിട്ട ജാതികളുമായി ചേർന്നു മിശ്രവിവാഹത്തിലുണ്ടായ, സന്തതികളായിരുന്നു ശമര്യർ. യെഹൂദന്മാർ, വിശുദ്ധി നശിപ്പിക്കുന്നതു ''ക്ഷമിക്കപ്പെടാത്ത പാപം'' ആയി കണക്കാക്കിയിരുന്നു. ഇന്നും, കർക്കശ്ശമായി യെഹൂദ കുടുംബത്തിലെ, ഒരു കുട്ടി യെഹൂദ വിശ്വാസത്തിലല്ലാത്ത മറ്റൊരു കുട്ടിയെ വിവാഹം കഴിക്കുകയാണെങ്കിൽ, ആ കുട്ടിയുടെ ശവസംസ്കാരം നടത്തി; ആ കുടുംബത്തിനു, ആ കുട്ടി മരിച്ചതായി തന്നെ കണക്കാക്കും.

യേശുവിന്റെ ഈ സ്ത്രീയോടുള്ള സംസാരം ചുരുങ്ങിയ തു മൂന്നു അതിശയിപ്പിക്കുന്ന വസ്തുതകൾ വെളിപ്പെടുത്തുന്നു (1) ശമര്യസ്ത്രീയോടാണു സംസാരിക്കുന്നത് എന്നു നാം കണ്ടു. (2) അത് ഒരു *സ്ത്രീ* ആയിരുന്നു. ഒരു യെഹൂദന് പരസ്യമായി ഒരു സ്ത്രീയുമായി സംസാരിച്ചുകൂടായിരുന്നു (വാക്യം 27 ശ്രദ്ധിക്കുക). ഒരു യഹൂദ ഗുരു പരസ്യമായി സ്വന്ത ഭാര്യയോടോ മകളോടോപോലും സംസാരിച്ചിരുന്നില്ല. പരീശപക്ഷത്തിലെ ഒരു കൂട്ടത്തെ അറിയപ്പെട്ടിരുന്നത്"പരുക്കേറ്റു രക്തം ഒഴുകുന്നവർ എന്നായിരുന്നു," കാരണം അവർ എപ്പോഴെങ്കിലും ഒരു സ്ത്രീയെ - കണ്ടാൽ, കണ്ണടച്ച് മതിലിലേയ്ക്കോ, മരത്തിലേയ്ക്കോ, ഓടും. (3) നാം മുൻപു കണ്ടതുപോലെ, അവൾ വെറുമൊരു സ്ത്രീ ആയിരുന്നില്ല, തന്റെ ധാർമ്മികത ചോദ്യം ചെയ്യപ്പെട്ടവൾ ആയിരുന്നു.

യോഹന്നാൻ 3, 4 അദ്ധ്യായങ്ങളിൽ യേശു കണ്ടുമുട്ടുന്ന

വ്യക്തികളിൽ കരുതിക്കൂട്ടിയുള്ള വൈരുദ്ധ്യം കാണുന്നുണ്ട്: യോഹന്നാൻ 3ാം അദ്ധ്യായത്തിൽ യേശു നിക്കൊദേമൊസിനെ കണ്ടു, അവൻ (1) ഒരു യെഹൂദനായിരുന്നു, (2) ഒരുപുരുഷൻ, (3) ധാർമ്മികമായി ഉയർന്ന നിലവാരവും ആത്മാർത്ഥതയുമുള്ള മനുഷ്യൻ. യോഹന്നാൻ 4-ൽ യേശു കിണറ്റിനരികെ സ്ത്രീയെ കണ്ടു, (1) ശമര്യക്കാരി, (2) ഒരു സ്ത്രീ, (3) തരംതാഴ്ന്ന ധാർമ്മികതയുള്ള വ്യക്തി. രണ്ടു പേർക്കും. രക്ഷ ആവശ്യമാണ്. സൗമ്യതയോടെ, നിക്കൊദെമോസിനോടു സംസാരിച്ച അതേ കൃപയോടു കൂടെയാണ്, യേശു ആ സ്ത്രീയോട് സംസാരിച്ചത്. എന്തു കൊണ്ട്? കാരണം *എല്ലാവരും ആരോ ആണ്.*

നിങ്ങൾ മതപരമായ ആളാണെങ്കിലും അല്ലെങ്കിലും, സ്ത്രീയായാലും, പുരുഷനായാലും നിങ്ങൾ ഉയർന്ന ധാർമ്മികത യുള്ള ആളാണെങ്കിലും, പ്രശ്നസങ്കീർണ്ണമായ ജീവിതം നയിക്കുന്ന ആളായാലും നിങ്ങൾ സമൂഹത്തിൽ ഉന്നതവ്യക്തി ആണെങ്കിലും "ഒന്നുമല്ലാത്തവൻ," ആയിരുന്നാലും ദൈവം നിങ്ങളെ സ്നേഹി ക്കുന്നു. നിങ്ങളെ സൃഷ്ടിച്ചിരിക്കുന്നതു ദൈവ സാദൃശത്തിലാണ് (ഉല്പത്തി 1:26). നിങ്ങൾ ദൈവത്തിന്റെ പ്രത്യേകതയുള്ള വ്യക്തിയാണ്. യേശു ക്രൂശിൽ മരിച്ചത് - നിങ്ങൾ മരിക്കേണ്ടിയിരുന്നതു കൊണ്ട് *നിങ്ങൾ*ക്കാണതിന്റെ ആവശ്യം!

കിണറ്റിനരികിലെ സ്ത്രീയുമായുണ്ടായ യേശുവിന്റെ സംഭാഷണ വിവരണത്തിലെ വാക്ക് യോഹന്നാൻ ഇപ്രകാരം വിശദമാക്കുന്നു: "(യെഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല)" (വാക്യം 9). ഇതിനർത്ഥം യെഹൂദന്മാർക്കു ശമര്യക്കാരോടു ഒരു ബന്ധവുമില്ല എന്നല്ല. അവരുമായി സാമ്പത്തിക കാര്യങ്ങൾ നടത്തിയിരുന്നു (ശിഷ്യന്മാർ ഭക്ഷണം വാങ്ങുന്നതിനു പോയത്, ശമര്യ പട്ടണത്തിലാണ്). യോഹന്നാൻ ഊന്നി പറഞ്ഞത് സാധാരണ യഹൂദന്മാരും ശമര്യക്കാരുമായി സാമൂഹ്യബന്ധമില്ല എന്നാണ്. എൻഇബി മറ്റൊരു തർജ്ജിമ പറയുന്നത്: "യെഹൂദന്മാരും ശമര്യക്കാരും ... പാത്രങ്ങൾ പൊതുവായി ഉപയോഗിക്കാറില്ല." ശമര്യക്കാർ ആഹാരം കഴിച്ച പാത്രത്തിൽ യെഹൂദർ ആഹാരം കഴിക്കയില്ല. കാരണം ശമര്യക്കാരെ അശുദ്ധരായിട്ടാണ് യെഹൂദന്മാർ കണക്കാക്കിയിരുന്നത്. എങ്ങനെയായാലും, യേശു, അവളോടു കുടിപ്പാൻ ചോദിച്ചപ്പോൾ, അവളുടെ പാത്രത്തിൽ യേശു കുടിക്കുവാൻതയ്യാറായിരുന്നു. തന്റെജനത്തിന്റെ ആചാരത്തിനെതിരായി യേശു പ്രവർത്തിക്കാനൊരു ങ്ങിയത് എന്തിന്? കാരണം *എല്ലാവരും കർത്താവിന് ആരോ ആണ്.*

## ഞെട്ടിക്കുന്ന ഒരു പ്രസ്താവന
## (യോഹന്നാൻ 4:10-15)

''അതിനു യേശു, 'നീ ദൈവത്തിന്റെ ദാനം എന്നു അറിഞ്ഞുവെങ്കിൽ ധയേശു, ദൈവത്തിന്റെ ദാനം, യോഹന്നാൻ 3:16പ, നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ, ആരെന്നു അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും, അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നു ഉത്തരം പറഞ്ഞു'" (വാക്യം 10). യെഹൂദന്മാർ വിചാരിച്ച ''ജീവനുള്ള വെള്ളം'' പ്രവഹിക്കുന്ന ജലധാരയാണ്. അതിനു വിപരീതമാണ് കിണറിലുള്ള വെള്ളം. എങ്ങനെയായാലും, പ്രവാചകന്മാർ ഉപയോഗിച്ച പദത്തിനാണ് കൂടുതൽ പ്രാധാന്യം, ''ജീവനുള്ള വെള്ളം'' സൂചിപ്പിക്കുന്നതു ദൈവസാന്നിദ്ധ്യവും ശക്തിയുമാണ്.[9] അത്, ഒരു വ്യക്തിയുടെ ഉള്ളിലെ ആത്മീയദാഹം, ശമിപ്പിക്കും.

കാര്യങ്ങൾ പലപ്പോഴും അങ്ങനെയായിരുന്നതുകൊണ്ട്, യേശുവിന്റെ ''വിദ്യാർത്ഥിയ്ക്ക്'' മനസ്സിലായില്ല.

> എല്ലായ്പ്പോഴുമെന്നപോലെ യേശുവിന്റെ ശിഷ്യയ്ക്കു മനസ്സിലായില്ല. സ്ത്രീ അവനോട്, "യജമാനനേ, നിനക്കു കോരുവാൻ പാത്രം ഇല്ലല്ലോ [100–150 അടി ആഴമുള്ളതാകുന്നു[10] ]; പിന്നെ ജീവനുള്ള വെള്ളം നിനക്കെവിടെ നിന്ന്? നമ്മുടെ പിതാവായ യാക്കോബിനേക്കാൾ, നീ വലിയവനോ? അവനാകുന്നു കിണർ ഞങ്ങൾക്കു തന്നതു, അവനും അവന്റെ മക്കളും, മൃഗങ്ങളും, ഇതിലെ വെള്ളം കുടിച്ചു പോന്നു എന്നു പറഞ്ഞു?" (വാക്യം 11, 12).

ഇതു യേശുവിനും തന്റെ കേൾവിക്കാർക്കും പൊതുവായ സാഹചര്യമായിരുന്നു. ഗൂഢാർത്ഥത്തിൽ അവൻ ഞെട്ടിക്കുന്ന ഒരു പ്രസ്താവന നടത്തുകയായിരുന്നു, തെറ്റിദ്ധരിച്ച, അവന്റെ സദസ്യർ അതിനെ അക്ഷരികമായി എടുത്തു. പിന്നെ യേശു അവരെ *ആത്മികമായി* മനസ്സിലാക്കുന്നതിലേക്ക് നയിച്ചു.

"യേശു അവളോട്, 'ഈ വെള്ളം കുടിക്കുന്നവനെല്ലാം [കിണറ്റിലെ വെള്ളം] പിന്നെയും ദാഹിക്കും'" (വാക്യം 13) . ജീവിതത്തിലെ എല്ലാം വാസ്തവത്തിൽ അങ്ങനെയാണ്. നാം എത്ര കുടിച്ചാലും നമുക്കു വീണ്ടും ദാഹിക്കും. നമുക്കു നല്ല സമയം വരാം, പക്ഷെ സന്തോഷം മങ്ങിപ്പോകും, വീണ്ടും നാം സുഖം അന്വേഷിക്കും. ഈ ജീവിതത്തിലെ എല്ലാം തന്നെ പെട്ടെന്നു പോയ്പോകും – അതു വിജയം ആയാലും, പ്രസിദ്ധി ആയാലും, സുഖമായാലും ശരിയാണ്.

യേശു തുടരുകയാണ്: ''ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കയില്ല;ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനിലേയ്ക്കു പൊങ്ങിവരുന്ന നീരുറവ

യായി തീരും എന്നു പറഞ്ഞു" (വാക്യം 14). ക്രിസ്തീയ വഴിയിൽ കണ്ടെത്താവുന്ന ശക്തി, സന്തോഷം, എന്നിവയെകുറിച്ചാണ് യേശു സംസാരിക്കുന്നത്. ഫലത്തിൽ യേശു പറഞ്ഞത്, "പ്രവാചകന്മാർ പറഞ്ഞതെല്ലാം മശിഹയിൽ കൂടെ വരുന്നു എന്നാണ്. നിങ്ങൾക്കു സമൃദ്ധമായ ജീവൻ ഉണ്ടാകും!"

ഇതു കേട്ടപ്പോൾ സ്ത്രീ അത്ഭുതപ്പെട്ടു, എങ്കിലും ഇപ്പോഴും യേശു പറഞ്ഞതു അവൾക്കു ശരിയായി മനസ്സിലായില്ല. "സ്ത്രീ അവനോടു, 'യജമാനനേ, എനിക്കു ദാഹിക്കാതെയും, ഞാൻ കോരുവാൻ ഇവിടുത്തോളം വരാതെയുമിരിക്കേണ്ടതിനു, ആ വെള്ളം എനിക്കു തരേണം എന്നു പറഞ്ഞു' " (വാക്യം 15). ഫലത്തിൽ, അവൾ പറഞ്ഞത്, "അതു വളരെ നല്ലകാര്യം! ചുട്ടു പൊള്ളുന്ന വെയിലിൽ അര - മൈൽ പാത്രവുമായിവന്നു വെള്ളം കോരണ്ടല്ലോ!"

## പക്വതയുള്ള ചോദ്യം
## (യോഹന്നാൻ 4:16-18)

ഇപ്പോൾ യേശു ആ സ്ത്രീയുടെ ശ്രദ്ധയെ തിരിച്ചു, അവളുടെ ഹൃദയത്തിൽ പ്രവർത്തിക്കാനൊരുങ്ങി. യേശു ഒരു ഭീരുവായ ഡോക്ടർ ആയിരുന്നില്ല. "അവൻ അവളോടു, 'പോയി, ഭർത്താവിനെ, വിളിച്ചു കൊണ്ടു വരിക' " (വാക്യം 16). നാം ക്രിസ്തു വിന്റെ അടുക്കൽ വരുന്നതിനു മുൻപു നമ്മെത്തന്നെ സത്യസന്ധമായി ... തുറന്നു നോക്കണം ദൈവവചനം ... എന്ന കണ്ണാടിയിൽ നോക്കണം നാം ആരാണെന്നു നോക്കി കാണണം. അതാണ് യേശു ആ സ്ത്രീയെ ചെയ്യുവാൻ നിർബ്ബന്ധിക്കുന്നത്.

"സ്ത്രീ അവനോടു, 'എനിക്കു ഭർത്താവില്ല എന്നു പറഞ്ഞു' " (വാക്യം 17) സംഭാഷണത്തിൽ ഇതുവരെ അവൾക്കു വാക്കു മുട്ടിപോയിരുന്നില്ല. മുൻപു അവൾ വാചാലമായി സംസാരിച്ചു, ഇപ്പോൾ അവൾക്കു വളരെ കുറച്ചേ പറയാനുള്ളൂ - ഇംഗ്ലീഷിൽ നാലു വാക്കുകൾ (ഗ്രീക്കിൽ മൂന്നു മാത്രം). അവളുടെ ക്ലേശം നമുക്കു തെളിവാകും.

"യേശു അവളോടു, 'എനിക്കു ഭർത്താവില്ല എന്നു, നീ പറഞ്ഞതു ശരി; അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു; ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല [നീ പറഞ്ഞതു, സത്യം തന്നെ എന്നു പറഞ്ഞു]' " (വാക്യം 17, 18).

ക്രിസ്തുവുമായി മുഖാമുഖമായി കണ്ടുമുട്ടുമ്പോൾ ആദ്യം വല്ലാത്ത ഒരനുഭവമായിരിക്കും. ഈ സംഭവത്തിനുശേഷം യേശു ഗലീലയ്ക്കു പോകുകയും മടങ്ങി കഫർന്നഹൂമിലേയ്ക്കു വരികയും ചെയ്തു, പത്രൊസ് മീൻപിടിക്കാൻ പോയി. ലൂക്കൊസ് 5-ാം അദ്ധ്യായത്തിൽ നാം അത്ഭുതകരമായ മീൻപിടിത്തത്തെ

വായിക്കുന്നുണ്ട്. പത്രൊസ് വളരെ ദൂരം യേശുവിനോട് കൂടെ സഞ്ചരിച്ചിരുന്നു. ആദ്യമായി, യേശുവിന്റെ, ശക്തിയും മഹത്വവും മുഴുവനായി കണ്ടു. ആ തേജസ്സിന്റെ വെളിച്ചത്തിൽ അവൻ നില വിളിച്ചു, "കർത്താവേ ഞാൻ പാപിയായ മനുഷ്യൻ ആക കൊണ്ടു എന്നെ വിട്ടു പോകേണമേ എന്നു പറഞ്ഞു!" (വാക്യം 8).

സുവിശേഷ സന്ദേശത്തിൽ, കുറ്റത്തിനു സ്ഥാനമില്ല എന്നു ചിലർ പറയുന്നുണ്ട്. എന്നാൽ അങ്ങനെ അല്ല, നമ്മുടെ ജീവിതം മുഴുവൻ നാം കുറ്റമുള്ളവരായി കാണാനല്ല ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ദൈവത്തിന്റെ കൃപയും കരുണയും നാം നമ്മുടെ ആത്മീയാവശ്യങ്ങൾ മനസ്സിലാക്കി ആദരിക്കണം!

ആ സ്ത്രീ ആരായിരുന്നു എന്നും എന്തായിരുന്നു എന്നും യേശുവിനു പൂർണ്ണമായി അറിവുണ്ടായിരുന്നു. പിന്നീട് യേശു, ഒരു സ്ത്രീയെ തന്നെ തൈലം പൂശുവാൻ അനുവദിക്കുന്നുണ്ട്. അവൾ ഏതു തരം സ്ത്രീ ആയിരുന്നു എന്നു അവനറിയില്ലായിരുന്നു[11] എന്ന് അവന്റെ ശത്രുക്കൾ വിചാരിച്ചു. എന്നാൽ അവൾ - ഏതു തരത്തിലുള്ള വ്യക്തിയായിരുന്നു എന്നു യേശുവിനറിയാമായിരുന്നു. ശമര്യക്കാരി സ്ത്രീ ഏതു തരത്തിലുള്ള വ്യക്തി ആയിരുന്നുവോ അതുപോലെ തന്നെ ഇവളെയും അറിയാമായിരുന്നു. അവൾ അവനു പ്രത്യേകതയുള്ളവൾ *ആയിരുന്നു*. യേശു നമ്മുടെ ഹൃദയങ്ങളിലേയ്ക്കും ജീവിതങ്ങളിലേയ്ക്കും നോക്കുമ്പോൾ, അവൻ മോശമായതു മാത്രമല്ല പ്രശ്നങ്ങളും, പോരാട്ടങ്ങളും മാത്രമല്ല; അവൻ നന്മയും, ശക്തിയും, ദൈവസഹായത്തോടെ നാം ആരായി തീരും എന്നും കാണുന്നു. ഇവിടെ, അവൻ ഒരു സ്ത്രീയെ കണ്ടതു ഒരു പട്ടണത്തെ മുഴുവൻ വിശ്വാസപാതയിലേയ്ക്കു കൊണ്ടു വരുവാൻ പ്രാപ്തയായ ഒരു വ്യക്തിയായിട്ടാണ്. യേശുക്രിസ്തുവിനു, *എല്ലാവരും ആരോ ആണ്*!

## ഒരു പ്രധാന ചർച്ച
## (യോഹന്നാൻ 4:19-26)

ഈ സ്ത്രീയുടെ, ആത്മീയാവശ്യങ്ങൾ യേശു വെളിപ്പെടുത്തിയപ്പോൾ അവളുടെ പ്രതികരണം എങ്ങനെയായിരുന്നു? അവൾ പ്രകടമായി വിഷയം മാറ്റി (വാക്യം 19)![12] (നിങ്ങൾ എപ്പോഴെങ്കിലും മറ്റൊരാളോട് വചനം സംസാരിക്കുമ്പോൾ ആത്മീയാവശ്യങ്ങൾ, നിറവേറ്റുന്നതിലേയ്ക്കു വരുമ്പോൾ അവർ വിഷയം മാറ്റുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ?)

"സ്ത്രീ അവനോടു പറഞ്ഞതു, 'യജമാനനേ, നീ പ്രവാചകനെന്നു ഞാൻ കാണുന്നു'" (വാക്യം 19). ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള പഴയ നിയമത്തിലെ അഞ്ചു പുസ്തകങ്ങളേ ശമര്യക്കാർ

ഉപയോഗിക്കുന്നുള്ളൂ. ഈ പുസ്തകങ്ങൾ കുറച്ചു മാത്രമാണ് പ്രവാചകന്മാരെക്കുറിച്ചു പറയുന്നത്. എങ്ങനെയായാലും ശമര്യക്കാർ സമ്മതിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ യെഹൂദന്മാരിൽ നിന്നു പഠിച്ചിരുന്നു. ഈ സ്ത്രീ പ്രവാചകന്മാരെ അറിഞ്ഞിരുന്നു.എങ്കിലും, അവരിൽ ഒരാളാണ് യേശു എന്ന് അവൾ വിചാരിച്ചു.

അതുകൊണ്ടു, ഫലത്തിൽ അവൾ പറഞ്ഞു, യജമാനനേ, നിന്നോടു "ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ." "ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചു വന്നു നമസ്കരിക്കേണ്ട സ്ഥലം യെരുശലേം ആകുന്നു എന്നു നിങ്ങൾ പറയുന്നു എന്നു പറഞ്ഞു" (വാക്യം 20). നെഹെമ്യാവ് ശമര്യരുടെ സഹായം നിരസിച്ചശേഷം,[13] അവരുടെ സ്വന്തം ദേവാലയം ഗേരിസിം മലയിൽ പണിതു: ഗെരിസിം മലയെക്കുറിച്ചു പല സാങ്കൽപ്പിക അവകാശങ്ങളും ഉന്നയിച്ചിട്ടുണ്ട്. ഈ മലയിലാണ് അബ്രഹാം ഇസഹാക്കിനെ യാഗം കഴിപ്പാൻ വന്നത്; ഇവിടെ വച്ചാണ് മല്ക്കീസദ്ദേക്ക് അബ്രഹാമിനെ കണ്ടുമുട്ടിയത്; യിസ്രായേൽ വാഗ്ദത്ത ദേശത്ത് പ്രവേശിച്ചപ്പോൾ ആദ്യം ദൈവത്തിന് യാഗപീഠം പണിതത് ഇവിടെയാണ്.[14] ഗെരീസീം, സുഖാറിന്, അടുത്താണ് സ്ഥിതിചെയ്തത്. അത് അവരുടെ പ്രധാനപ്പെട്ട വിശുദ്ധസ്ഥലമായി കണക്കാക്കപ്പെട്ടിരുന്നു. സ്ത്രീ ഒരുപക്ഷേ കൈ ചൂണ്ടിക്കൊണ്ടായിരക്കാം "ഈ മലയിൽ" എന്ന് പറഞ്ഞത്. എന്നാൽ "നിങ്ങൾ [യെഹൂദന്മാർ] ദൈവത്തെ യെരുശലേമിൽ നമസ്ക്കരിക്കണമെന്നു പറയുന്നു" (വാക്യം 20). അവളുടെ ചോദ്യത്തിൽ അടങ്ങിയിരുന്നത് "ഏതാണ് ശരി?"

*ഇതു രണ്ടും* ശരിയല്ല എന്നു യേശു ഉടനെ മറുപടി പറഞ്ഞു: "സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നതു, ഈ മലയിലും അല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു" (വാക്യം 21). വരുവാനിരുന്ന രാജ്യത്തിൽ *സ്ഥലമായിരുന്നില്ല* പ്രധാനം പക്ഷെ *വ്യക്തിയായിരുന്നു*. (ആയിരാമാണ്ടു വാഴ്ചയ്ക്കു മുമ്പ് എന്ന സിദ്ധാന്തക്കാർ പറയുന്നതു യെരുശലേം ആരാധനാകേന്ദ്രമായി പുനഃസ്ഥാപിക്കപ്പെടും എന്നാണ്. യേശുവിന്റെ വാക്കുകൾ നാം സത്യത്തിൽ നിന്നു കൂടുതലായി ഭാവിക്കാതിരിക്കേണ്ടതിനാണ്).

അവൻ തുടർന്നു: "നിങ്ങൾ അറിയാത്തതിനെ നമസ്ക്കരിക്കുന്നു; ഞങ്ങളോ അറിയുന്നതിനെ നമസ്കരിക്കുന്നു, രക്ഷ യെഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നതു" (വാക്യം 22). യേശു പറഞ്ഞു, "രക്ഷ യെഹൂദന്മാരുടെ ഇടയിൽനിന്നല്ലോ വരുന്നത്," കാരണം, മശിഹ വന്നതു യെഹൂദ ദേശത്തിലൂടെയാണ്, ആദ്യ സുവിശേഷ പ്രസംഗകനായ, പത്രൊസും യെഹൂദനായിരുന്നു.

യേശു ഈ സ്ത്രീയെ, സ്നേഹിക്കുകയും കരുതുകയും ചെയ്തിരുന്നു എങ്കിലും അവൾ ധാർമ്മികപരമായും ഉപദേശപരമാ

യും *തെറ്റിലാണെന്നു* ചൂണ്ടിക്കാണിക്കുവാൻ അവൻ മടിച്ചില്ല. ആരെയെങ്കിലും നാം സ്വീകരിക്കുന്നു എന്നതു കൊണ്ടു അവരുടെ ജീവിതത്തിലെ പോരായ്മകളെ അംഗീകരിക്കണമെന്നർത്ഥമില്ല നമ്മുടെ ഒരു സ്നേഹിതൻ ധാർമ്മികമായോ ഉപദേശപരമായോ തെറ്റിലാണെങ്കിൽ, നാം അയാളോടു അതിനെ പറ്റി പറയുന്നില്ലെങ്കിൽ, അതു സ്നേഹമല്ല; അതു സ്നേഹകുറവാണ്.

അടുത്തതായി, യേശു പറഞ്ഞു, ''സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ [രാജ്യം അഥവാ സഭ ആരംഭിക്കുന്നതിനു മാസങ്ങളേ അവശേഷിക്കുന്നുള്ളൂ], വന്നുമിരിക്കുന്നു. ദൈവം ആത്മാവാകുന്നു; അവനെ നമസ്കരിക്കുന്നവൻ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം" (വാക്യം 23). "എവിടെ?" ആരാധിക്കണമെന്നല്ല പ്രധാനം; "ആര്?", "എങ്ങനെ?" എന്നതാണ്. അതിനു ശേഷം ആര്? "പിതാവ്." എങ്ങനെ? "ആത്മാവിൽ" – ദൈവം ആഗ്രഹിച്ചതുപോലെ ഹൃദയത്തിൽ നിന്നു. "സത്യത്തിൽ" – ദൈവ നിർദ്ദേശ പ്രകാരം. യേശുവിന്റെ യോഹന്നാൻ 17-ലെ അവന്റെ വലിയ പ്രാർത്ഥനയിൽ, അവൻ പറഞ്ഞു, "നിന്റെ വചനം സത്യമാകുന്നു" (യോഹന്നാൻ 17:17).

സത്യനമസ്കാരത്തിന്റെ മാഹാത്മ്യം ചുരുക്കി പറയുന്നതു: ''ദൈവം ആത്മാവാകുന്നു, അവനെ നമസ്കരിക്കുന്നവൻ ആത്മാവിലും സത്യത്തിലും നമസ്കരിക്കണം'' (വാക്യം 24). ഈ ഭാഗത്തു നിന്നും ആരാധനയെ കുറിച്ചു ധാരാളം പഠിക്കാൻ കഴിയും – എന്നാൽ ഈ പാഠത്തിൽ നാം പ്രാഥമികമായി ഊന്നൽ ചെലുത്തുന്നതു യേശുവും യേശുവിനോട് പറ്റിയുള്ളവരും തമ്മിലുള്ള ബന്ധത്തിനാണ്.

"സ്ത്രീ അവനോടു പറഞ്ഞു, 'മശിഹ[15] എന്നുവച്ചാൽ (ക്രിസ്തു) വരുന്നു എന്നു ഞാൻ അറിയുന്നു; അവൻ വരുമ്പോൾ, സകലവും അറിയിച്ചു തരും എന്നു പറഞ്ഞു'" (വാക്യം 25). യെഹൂദന്മാരിൽ നിന്നു ശമര്യക്കാർ കടമെടുത്ത മറ്റൊരറിവാണ് മശിഹ എന്ന ആശയം. ആ സ്ത്രീയുടെ വിശ്വാസവും, ആ സ്ത്രീയുടെ വിശ്വാസത്തിന്റെ വളർച്ചയും ശ്രദ്ധിക്കുക. ആദ്യം അവൾ യേശുവിനെ ''ഒരു യെഹൂദനായിട്ടാണ് സൂചിപ്പിച്ചത്'' (വാക്യം 9). പിന്നെ അവനെ വിളിച്ചത് ''യജമാനനേ'' എന്നാണ് (വാക്യം 11 അക്ഷരികമായി "കർത്താവ്"), അതിനു ശേഷം ഒരു "പ്രവാചകൻ" എന്നാണ് (വാക്യം 19). യേശു പറഞ്ഞതു പോലെ, അവൻ അവളെ ''മശിഹയെ'' ഓർമ്മിപ്പിച്ചു (വാക്യം 25; 29 നോക്കുക).

"യേശു സ്ത്രീയോട്, 'നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹ എന്നു പറഞ്ഞു'" (വാക്യം 26).[16] മൂലഗ്രന്ഥത്തിൽ "ഞാൻ,[17] തന്നെയാണ് നിന്നോടു സംസാരിക്കുന്നതെന്നത്രെ" പറഞ്ഞിരിക്കുന്നത്.

യേശു പറയുകയായിരുന്നു, “നീ മശിഹയെ കാത്തിരിക്കയല്ലേ? നീ കാത്തിരിക്കുന്ന മശിഹ ഞാൻ തന്നെ! നീ ഉത്തരങ്ങൾക്കു വേണ്ടി കാത്തിരുന്നു? ഞാൻ തന്നെ! പ്രത്യാശക്കും, സഹായത്തിനും, വേണ്ടി നീ കാത്തിരുന്നു നിന്റെ ആന്തരിക ദാഹം തീർക്കാനായി കാത്തിരുന്നു? ഞാൻ തന്നെ!”

**ഉത്തേജിപ്പിക്കുന്ന വേള**
**(യോഹന്നാൻ 4:27-38)**

ശിഷ്യന്മാർ ആഹാരവുമായി മടങ്ങി വന്നു,[18] “ഇതിനിടയിൽ അവന്റെ ശിഷ്യന്മാർ വന്നു, അവൻ സ്ത്രീയോടു സംസാരിക്കയാൽ; ആശ്ചര്യപ്പെട്ടു എങ്കിലും ‘നീ എന്തു ചോദിക്കുന്നു?’, ‘അവളോടു എന്തു സംസാരിക്കുന്നു എന്നു ആരും ചോദിച്ചില്ല?’” (വാക്യം 27).

“അനന്തരം സ്ത്രീ പാത്രം വെച്ചിട്ടു” (വാക്യം 28) പട്ടണത്തിൽ ചെന്നു ജനങ്ങളോടു ഇതറിയിച്ചു മടങ്ങി വരേണ്ട ഉദ്ദേശത്തോടെയാകാം പോയതു.

> അവൾ പട്ടണത്തിൽ ചെന്നു,ജനങ്ങളോടു താൻ ചെയ്ത തൊക്കെയും എന്നോടു [പറഞ്ഞ ഒരു: “പുരുഷനെ,” ആണ് സ്ത്രീയെ അല്ല],‘‘വന്നു, കാണ്മീൻ ഞാൻ ചെയ്തവയെല്ലാം പറഞ്ഞ [സ്വാഭാവികമായി, നമ്മെക്കാൾ ശ്രേഷ്ഠ സ്വഭാവമുള്ള]; ഒരു മനുഷ്യനെ അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു?” അവർ പട്ടണത്തിൽ നിന്നു പുറപ്പെട്ടു, അവന്റെ അടുക്കൽ വന്നു (വാക്യം 28–30).

ശമര്യക്കാർ കിണറ്റിനരികിലേയ്ക്കു വന്നു കൊണ്ടിരിക്കുമ്പോൾ, യേശു ശിഷ്യന്മാരെ പഠിപ്പിക്കുകയായിരുന്നു.

> അതിനിടയിൽ ശിഷ്യന്മാർ അവനോടു,പറഞ്ഞു, ‘‘റബ്ബീ, ഭക്ഷിച്ചാലും.” അതിനു അവൻ, “നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട്.” എന്നു അവരോടു പറഞ്ഞു ആകയാൽ വല്ലവരും, “അവനു ഭക്ഷിപ്പാൻ കൊണ്ടു വന്നുവോ, എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു?” (വാക്യം 31–33).

യേശു നിക്കോദേമോസിനെയും സ്ത്രീയെയും പഠിപ്പിച്ചതു പോലെ, അവൻ ഈ ശിഷ്യന്മാരെയും പഠിപ്പിച്ചു. ആദ്യം അവൻ ഒരു ഗൂഢാർത്ഥ പ്രസ്താവന നടത്തി അവർ തെറ്റിദ്ധരിച്ചു അതിനെ ആക്ഷരികമായി എടുത്തു; പിന്നെ അവൻ അതിന്റെ ആത്മീയ അർത്ഥം മനസ്സിലാക്കി കൊടുത്തു. ‘‘യേശു അവരോടു, ‘എന്റെ ആഹാരം [ആത്മീയ പോഷണം] എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു, അവന്റെ പ്രവൃത്തി

തികയ്ക്കുന്നതു തന്നെ എന്നു പറഞ്ഞു' '' (വാക്യം 34). അനുയായികൾക്ക് അവരുടെ ഉപദേഷ്ടാവു! പറഞ്ഞതു മനസ്സിലാക്കുവാൻ വിഷമം നേരിട്ടു. അവരുടെ തലച്ചോറിന്റെ കാഠിന്യം എന്തായിരുന്നാലും യേശുവിനു, അവരേക്കുറിച്ചു, കരുതലുണ്ടായിരുന്നു. വിശദീകരിക്കുന്നതിൽ അവൻ ക്ഷമയുള്ളവനായിരുന്നു – കാരണം *എല്ലാവരും ആരോ ആണ്*!

പിന്നെ യേശു തന്റെ വിഷയം ആഹാരത്തിൽ നിന്നു കൊയ്ത്തിലേയ്ക്കുമാറ്റി – കൊയത്തിനു വേണ്ടി കാത്തിരിക്കുന്ന ഒരു യെഹൂദ പഴഞ്ചൊല്ല് അവൻ ഉദ്ധരിച്ചു. "ഇനി 'നാലു മാസം കഴിഞ്ഞ് കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ'? നിങ്ങൾ, തല പൊക്കി നോക്കിയാൽ, നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണാം. എന്നു ഞാൻ നിങ്ങളോടു പറയുന്നു" (വാക്യം 35). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ''നിങ്ങൾ വിത്തു വിതച്ചാൽ, കൊയ്ത്തിനു നാലു മാസം ഉണ്ട് എന്നു നി ങ്ങൾക്കറിയാം. ശമര്യയിലെ സാഹചര്യവും അതുപോലെയാണ് എന്നു തോന്നും. കുറച്ചു മുൻപ് വിത്തു വിതച്ചു കഴിഞ്ഞു[19] – ഇപ്പോൾ കൊയ്ത്തിനു സമയമായി!'', ''വയലുകൾ ... യേശു പറഞ്ഞു വിളവിനു വെളുത്തിരിക്കുന്നു," ഒരു വെള്ള – മേൽക്കുപ്പായ വസ്ത്രധാരികളായ ശമര്യക്കാർ പട്ടണത്തിൽ നിന്നു പുറത്തു വരുന്നതിനെ ആംഗ്യരൂപത്തിൽ പറഞ്ഞതാകാം.[20]

### തൃപ്തിപ്പെടുത്തുന്ന ഒരു കൊയ്ത്ത്
### (യോഹന്നാൻ 4:39-42)

യേശു കൊയ്ത്തിനെക്കുറിച്ചുള്ള,[21] സംഭാഷണം അവസാനിപ്പിക്കുമ്പോഴേയ്ക്ക് ശമര്യക്കാർ വന്നു.

> "ഞാൻ ചെയ്തതൊക്കെയും അവൻ എന്നോടു പറഞ്ഞു" എന്നു സ്ത്രീ സാക്ഷ്യം പറഞ്ഞ വാക്കു നിമിത്തം, ആ പട്ടണത്തിലെ പല ശമര്യക്കാരുംഅവനിൽ വിശ്വസിച്ചു,അങ്ങനെ ശമര്യർ അവന്റെ അടുക്കൽ വന്നു തങ്ങളോടുകൂടെ പാർക്കേണം എന്നപേക്ഷിച്ചു; അവൻ രണ്ടു നാൾ അവിടെ പാർത്തു (വാക്യം 39, 40).

എന്തെങ്കിലും നിർബ്ബന്ധ ഉദ്ദേശം ഉണ്ടായെങ്കിലും യേശുവിന് ഗലീലയിലേക്ക് പോകാമായിരുന്നു, എങ്കിലും ഈ സങ്കരവർഗ്ഗത്തോടുകൂടെ അവൻ രണ്ടുനാൾ കഴിച്ചു കൂട്ടി. കാരണം *എല്ലാവരും അവന് ആരോ ആണ്.*

"അവന്റെ വാക്കു നിമിത്തം അനേകർ അവനിൽ വിശ്വസിച്ചു" (വാക്യം 41) – യേശുവിനെ അവർ നേരിട്ടു കണ്ടപ്പോൾ, അവനു പറയാനുണ്ടായിരുന്നതു പറഞ്ഞു കേട്ടപ്പോൾ, അവൻ എങ്ങനെ

പെരുമാറുന്നു എന്നു കണ്ടപ്പോൾ എല്ലാവരേയും അവൻ എങ്ങനെ സ്നേഹിക്കുന്നു എന്നു കണ്ടപ്പോൾ അവർ വിശ്വസിച്ചു.

ഈ നിന്ദിതരായ ആളുകളെ വിളിക്കുന്നതിൽ യേശുവിന്റെ വിശ്വാസം അസ്ഥാനത്തായോ ''കൊയിത്തിന് വയൽ വെളുത്തിരിക്കുന്നു''? നമ്മുടെ ഈ വേദഭാഗത്തിന്റെ അവസാനം നോക്കുക: ''അവർ സ്ത്രീയോടു, 'ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു, ഞങ്ങൾ തന്നെ കേൾക്കുകയും അവൻ സാക്ഷാൽ ലോക രക്ഷിതാവു എന്നറികയും ചെയ്തിരിക്കുന്നു എന്നു സ്ത്രീയോടു പറഞ്ഞു' '' (വാക്യം 42). എത്ര അതിശയിപ്പിക്കുന്ന പ്രസ്താവന: ''ഞങ്ങൾ ... ഇവൻ *ലോകരക്ഷിതാവാണെന്ന്* തീർച്ചയായും അറിയുന്നു''! (എംഫസിസ് മൈൻ.)യേശുവിനോടടുത്ത അപ്പൊസ്തലന്മാർ മനസ്സിലാക്കിയതു യേശു, *യെഹൂദന്മാരുടെ* രക്ഷിതാവായിട്ടാണ്; പത്രൊസിനു ദൈവം ഒരു ദർശനം നൽകുന്നതുവരെ അവർക്കു മറിച്ചൊരു ധാരണ ഇല്ലായിരുന്നു.[22] എന്നാൽ ഈ ശമര്യക്കാർ യേശുവിനെ *ലോക*രക്ഷിതാവായി അറിഞ്ഞു!

**ഉപസംഹാരം**

നിങ്ങൾ ''ലോകത്തിൽ,'' ആണെങ്കിൽ. ഭൂമിയിൽ ചുറ്റും സഞ്ചരിക്കുകയാണെങ്കിൽ, യേശുവാണ് *നിങ്ങളുടെ* രക്ഷിതാവ്. നിങ്ങൾ അവനു പ്രത്യേകതയുളളവരാണ്! അവൻ നിങ്ങളെ സ്നേഹിക്കുന്നു; കരുതുന്നു. നിങ്ങൾക്കുവേണ്ടി സമയം ചിലവിടുന്നു, അവൻ നിങ്ങൾക്കു വേണ്ടിയാണ് മരിച്ചത്, അവൻ നിങ്ങളെ ഒരിക്കലും ഉപേക്ഷിക്കയില്ല. കാരണം? *എല്ലാവരും ആരോ ആണ് - നിങ്ങൾ* ആരോ ആണ്.

---

കുറിപ്പുകൾ

[1]ജെയിംസ് ഡോബ്സൺ ഉദ്ധരിച്ചിട്ടുണ്ട്, *ഹൈഡ് ഓർ സിക്ക്*, റെഡ്.എഡ് (ഓൾഡ് തപ്പാൻ, എൻ. ജെ.: ഫ്ളെമിങ്ങ് എച്ച് റെവെൽ കൊ., 1979), 58. [2]ഈ ചിത്രീകരണം വ്യക്തിപരമായി മറ്റു മേഖലകളിൽ ഉപയോഗിക്കാം. ഒരു സ്ഥലത്തു നിന്നു മറ്റൊരു സ്ഥലത്തേക്കു അതിരു കവിഞ്ഞ സർക്കീട്ട്. [3]മത്തായി 4:12. [4]റോമാകണക്കനുസരിച്ചുള്ള സമയമാണ് യോഹന്നാൻ ഉപയോഗിച്ചതെന്നു ചിലർ കരുതുന്നു. ഭൂരിഭാഗം പേരും, കരുതുന്നതു, യെഹൂദ കണക്കാക്കലാണെന്നാണ്. [5]അറിയപ്പെടുന്ന പലചരക്കുകടയുടെ പേരോ ഫാസ്റ്റ് ഫുഡിന്റെ പേരോ ഉപയോഗിക്കാം. [6]അഗാധമായ ഇത്തരം വിദ്വേഷം അനേകർ *കണ്ടിട്ടുണ്ട്*. ശ്രോതാക്കൾ കണ്ടിട്ടുള്ളതും യഹൂദന്മാരും ശമര്യരും തമ്മിലുള്ളതുമായ വിദ്വേഷം തമ്മിൽ താരതമ്യം ചെയ്യാവുന്നതാണ്. [7]2 രാജാക്കന്മാർ 17:6. [8]2 രാജാക്കന്മാർ 17:24 [9]സങ്കീർത്തനങ്ങൾ 36:9; യെശയ്യാവ് 35:7; യിരെമ്യാവ് 17:13; തുടങ്ങിയ വേദഭാഗങ്ങൾ ശ്രദ്ധിക്കുക. [10]ആ സമയം ആളുകൾ കല്ലുകൾ എറിയാറുണ്ട്, ഇപ്പോൾ അതിനു അമ്പതു, അറുപത് അടി ആഴമേയുള്ളൂ. ഒരു മൂടിയുമുണ്ട്.

[11]ലൂക്കോസ് 7:39. [12]അവൾ വിഷയം മാറ്റിയില്ല എന്നതിനും സാദ്ധ്യതയുണ്ട്. ഒരു പക്ഷേ അവളുടെ പാപത്തിന് യാഗം കഴിക്കേണ്ടത് എവിടെ എന്ന് ചോദിച്ചിരിക്കാം (വാക്യം 20) [13]നെഹെമ്യാവ് 4:1-3; 6:1-4. [14]ഗെരിസിം മലയെ, മഹത്വപ്പെടുത്തുവാൻ അവർ തിരുവെഴുത്തിനേയും ചരിത്രത്തെയും നിന്ദിക്കുന്നു. [15]"മശിഹ" എന്നതു എബ്രായ പദമാണ്, അർത്ഥം"അഭിഷിക്തൻ". "ക്രിസ്തു" എന്നാണ് ഗ്രീക്ക് വാക്ക് അർത്ഥം "അഭിഷിക്തൻ" എന്നു തന്നെ. [16]യേശുവിന്റെ ശത്രുക്കൾ അടുത്ത് ഇല്ലാതിരുന്നതിനാൽ (സാധാരണ ഉണ്ടാകും) അവന്റെ പ്രസ്താവന സാധാരണയേക്കാൾ ധൈര്യത്തോടെ ആയിരുന്നു. [17]"ഞാൻ" ദൈവികത്വപ്രഖ്യാപനം (പുറപ്പാട് 3:14); യോഹന്നാന്റെ സുവിശേഷത്തിൽ ഈ വാക്ക് ദൈവപുത്രൻ എന്നതിനു ഊന്നൽ കൊടുത്താണ് ഉപയോഗിച്ചത്. [18]"അവർ ചോറും കറികളുമായി തിരിച്ചെത്തി എന്നു നാടൻ ഭാഷയിൽ പറയാം". ആസ്ട്രേലിയയിൽ: "... ഫിഷ് ആന്റ് ചിപ്സ്" എന്നു പറയും. [19]38-ാം വാക്യം ശ്രദ്ധിക്കുക: "മറ്റുള്ളവർ അദ്ധ്വാനിച്ചു". അതിന്റെ വിശദാംശങ്ങൾ നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷേ പഴയനിയമത്തിൽ മശിഹയെക്കുറിച്ചു പഠിപ്പിച്ചിട്ടുള്ളതു ശമര്യക്കാർ പഠിച്ചതായിരിക്കാം. ചിലർ കരുതുന്നതു യോഹന്നാൻ സ്നാപകന്റെ വേലയിൽ ചിലതു ശമര്യക്കാർക്കിടയിൽ ആയിരുന്നു എന്നാണ്. [20]ശമര്യരുടെ "പാകം ആകൽ" ഈ സമയത്തുള്ള അവരുടെ പ്രതികരണം മാത്രമല്ല തെളിയിക്കുന്നതു ഫിലിപ്പൊസിനാൽ അവരുടെ വിളവെടുപ്പും കൂടെയാണ് (പ്രവൃത്തി 8).

[21]യോഹന്നാൻ 4:36-38. [22]പ്രവൃത്തി 10:9-16, 34, 35.

---

**ഉപദേഷ്ടാക്കൻമാർക്കും പ്രാസംഗികർക്കും ഉള്ള കുറിപ്പ്**

ഇതു ഒരു പോയിന്റുള്ള പ്രസംഗമാണ്: "എല്ലാവരും ആരോ ആണ്" മുഖവുരയിൽ ഈവാക്കുകൾ വരുമ്പോൾ, നിർത്തികൊണ്ട് സദസ്യരോട് ഈവാക്കുകൾ ഉറക്കെ പറയാൻ ആവശ്യപ്പെടാം. പിന്നെ പാഠം തുടരാം വീണ്ടും ഈ വാക്കുകൾ "എല്ലാവരും ആരോ ആണ്," എന്നതു വരുമ്പോൾ കേൾവിക്കാരോട് ആവശ്യപ്പെടാം. നിങ്ങൾക്ക് താൽപ്പര്യമുണ്ടെങ്കിൽ, ഈ വാക്കുകൾ അച്ചടിച്ച് അവർക്ക് കൊടുത്ത് ശരിയായ സമയത്ത് ഉപയോഗിക്കുകയും ആവാം. സദസ്യരുടെ പങ്കാളിത്തം ചിലപ്പോൾ കൂടുതൽ ഫലം ഉളവാക്കും.

---

**നിങ്ങൾ ക്രിസ്തുവിനെ ആർ എന്നു വിചാരിക്കുന്നു?**

നൂറ്റാണ്ടുകളോളം, നോർത്തു കരോളിനയിലെ ആഴമില്ലാത്ത ഒരരുവിയിൽ ഒരു വലിയ പിണ്ഡം പോലെ എന്തോ കിടന്നിരുന്നു. അതു വഴി കടന്നുപോയ ആളുകളെല്ലാം അത് *വൃത്തികെട്ട പിണ്ഡ*മായിട്ടാണുകണ്ടത്, ഒരു സാധു മനുഷ്യൻ അതെടുത്തപ്പോൾ *കനം തോന്നി* അതു വീട്ടിലേയ്ക്കു എടുത്തു കൊണ്ടുപോയി വാതിൽ തുറന്നു വച്ച് അതു അകത്തു വച്ചു. അതു വഴി കടന്നു പോയ, ഒരു ഭൂഗർഭശാസ്ത്രജ്ഞൻ അതു ശ്രദ്ധിച്ചു. അതുപൂർവ്വഘട്ടപാറയിലെ വലിയ *സ്വർണ്ണ പിണ്ഡ*മാണെന്നു തിരിച്ചറിഞ്ഞു.

അനേകം ആളുകൾ യേശുവിനെ നോക്കുന്നുണ്ട്. ചിലർ അവനെ കാണുന്നതു ഗലീലയിലെ കർഷകനായി കണ്ടു, തിരിഞ്ഞു കളയും. മറ്റു ചിലർ ഒരു പ്രവാചകനായി കണ്ടു, ശ്രദ്ധിക്കാതെ വിടുന്നു. വേറെ ചിലർ അവനെ ദൈവപുത്രനായി, കാണുകയും അവനെ ആരാധിക്കുകയും ചെയ്യുന്നു! *നിങ്ങൾ* കർത്താവായ യേശുവിനെ നോക്കുമ്പോൾ എന്താണു കാണുന്നത്? നിങ്ങൾ ക്രിസ്തുവിനെ ആർ എന്നു വിചാരിക്കുന്നു? അവൻ ആരുടെ മകൻ? ഈ സുപ്രധാന ചോദ്യങ്ങൾക്കുള്ള ഉത്തരം ആസ്പദമാക്കിയാണ് നിങ്ങളുടെ നിത്യമായ ലക്ഷ്യസ്ഥാനം നിർണ്ണയിക്കപ്പെടുന്നത്.

കുട്ടികൾക്കുവേണ്ട 1001 കഥകൾ
വാൾട്ടർ.ബി.നൈറ്റ്